Website : www.keralapsc.gov.in
eMail : doktm.psc@kerala.gov.in

Phone : 0481-2578278

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, കോട്ടയം

സോപാധിക ചുരുക്കപ്പട്ടിക നമ്പർ : 11/2022/DOK — കോട്ടയം
കാറ്റഗറി നമ്പർ : 093/2022 — 14.11.2022

## വിജ്ഞാപനം

16.04.2022 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോട്ടയം ജില്ലയിൽ വനം – വന്യജീവി വകുപ്പിൽ ₹20,000–45,800/– (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട് II) (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കായുള്ള നിയമനം) (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി 03.09.2022 ന് നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും, കായിക ക്ഷമതാ പരീക്ഷയ്ക്കും പരിഗണിക്കാൻ അർഹരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സോപാധിക ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ ആരോഹണക്രമത്തിലാണ് സോപാധിക ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

| | | | | | |
|---|---|---|---|---|---|
| 103614 | 103789 | 103840 | 103907 | 103949 | 103972 |

താഴെ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പറുകളിലുള്ള ഉദ്യോഗാർത്ഥികളുടെ പരീക്ഷാഫലം, മതിയായ രേഖകളുടെ അഭാവത്തിൽ തടഞ്ഞു വച്ചിരിക്കുന്നു. ഇവർ ആവശ്യമായ സർട്ടിഫിക്കറ്റുകളും രേഖകളും 18.11.2022 തീയ്യതിക്കുള്ളിൽ തങ്ങളുടെ പ്രൊഫൈലിൽ Upload ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അന്തിമ ചുരുക്കപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.

| | | | | | |
|---|---|---|---|---|---|
| 103779 | 103786 | 103822 | 103846 | 103854 | 103873 |
| 103895 | 104003 | 104045 | 104107 | 104180 | |

**കുറിപ്പ് 1 :-** അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത്, റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി, സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

**കുറിപ്പ് 2 :-** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. 'വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിരിക്കണ'മെന്ന യോഗ്യത അവകാശപ്പെട്ട / ബന്ധപ്പെട്ട രേഖകൾ Upload ചെയ്തിരുന്ന, പരീക്ഷയെഴുതിയ മുഴുവൻ പേരേയും ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കുറിപ്പ് 3 :-** അന്തിമ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ശാരീരിക അളവെടുപ്പിനും കായികക്ഷമതാ പരീക്ഷയ്ക്കും ഹാജരാകുന്നതിന് വ്യക്തിഗത അറിയിപ്പ്, SMS / Profile Message മുഖേന നൽകുന്നതാണ്.

**കുറിപ്പ് 4 :-** ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയിൽ വിജയിച്ചവർ ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. ഇന്റർവ്യൂവിന് പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ.

**കുറിപ്പ് 5 :-** പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളിൽ ആരുടെയും ഉത്തരക്കടലാസ് അസാധുവാക്കിയിട്ടില്ല (വിജ്ഞാപനം ER VII(1)3690/2022/EW dated 27.10.2022 കാണുക).

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

(Sd/-)

**മനോജ്കുമാർ പിള്ള കെ. ആർ.**

**ജില്ലാ ഓഫീസർ**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

**ജില്ലാ ആഫീസ്, കോട്ടയം**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

**ജില്ലാ ആഫീസ്, കോട്ടയം**

**വിതരണാനുമതി നൽകുന്നു,**

**സെക്ഷൻ ഓഫീസർ**